ഞ്ചെൻറിൽനിന്നും നിർദ്ദേശം കൊടുത്തു. കൊല്ലത്തെ മുസ്ലീം നേതാക്കളെ അക്കാര്യം ഗവണ്മെൻറിൽനിന്നും അറിയിച്ചിട്ടുണ്ട്. ആ സ്ഥലം സർക്കാർ പുറംപോക്കാണ്. അതു് ആക്കിക്കിലും പതിച്ചുകൊടുക്കാമോയെന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. കൊല്ലം വക്കഫ് ബോർഡും കൊല്ലത്തെ ബിഷപ്പും ആ സ്ഥലം പതിച്ചുകിട്ടുന്നതിലേയ്ക്കുള്ള അപേക്ഷകളും ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകളെല്ലാം പരിഗണനയിലിരിക്കുകയാണ്. പതിച്ചുകൊടുക്കുന്ന കാര്യത്തെപ്പറ്റി ഒന്നുമായില്ലെങ്കിലും, ഈ പ്രശ്നത്തിനു് അവസാനമായി ഒരു പരിഹാരം ചെയ്യുന്നതിനു് കഴിയുന്നതും വേഗം നടപടികളും സ്വീകരിക്കുന്നതാണ്. തൽക്കാലം ഇങ്ങനെയുള്ള അന്തരീക്ഷമൊന്നും അവിടെയില്ല.

ശ്രീ. കെ. ഹസ്സൻ ഗനി: മുസ്ലീങ്ങളുടെ ഘോഷയാത്രയെ നിരോധിച്ചിരിക്കുകയാണ്. മുസ്ലീങ്ങളും ആ മൈതാനം 120 കൊല്ലത്തോളമായി മതകാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിനു് ഗവണ്മെൻറ് അനുവാദവും കൊടുത്തിരുന്നു.

Mr. Speaker: Order, order. There is no need for any further statement.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ഹസ്സൻ ഗനിക്കു പറയാനുള്ള കാര്യങ്ങൾ പറയുന്നതിനുള്ള സമയം കൊടുത്തുകൂടേ?

Mr. Speaker: A further discussion on this matter is not allowed.

In the light of the statement made by the hon. Minister for Home Affairs, I withhold consent to the moving of the adjournment motion.

OBITUARY REFERENCE

മി. സ്പീക്കർ: സഭാനടപടികളും തുടങ്ങുന്നതിനുമുമ്പായി എനിക്കു് ഒരു റഫറൻസ് നടത്താനുണ്ട്.

തിരുവിതാംകൂർ–കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ. വാറുണ്ണി പുളിക്കൽ നിര്യാതനായ വിവരം ബഹുമനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. നിയമസഭാംഗം, അഭിഭാഷകൻ, പൊതുക്കാര്യപ്രസക്തൻ, സമുദായപ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്നു് അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നതു് ഉചിതമായിരിക്കും.

(The House stood in silence for a while as a mark of respect to the memory of the departed.)

PAPERS LAID ON THE TABLE

Chief Minister (**Shri R. Sankar**): Sir, I lay on the Table:

'a copy of the Report on the Action taken by the State Government on matters relating to National Integration and Safeguard for Linguistic Minorities till the half year ended June 1963.'

Minister for Industries and Local Administration (**Shri K. A. Damodara Menon**): Sir, I lay on the Table:

'a copy of the 2nd Annual Report of the Kerala State Industrial Development Corporation Ltd. for the year ended 31-3-1963 together with the note on the working of the Corporation for the said period as required under section 619A of the Companies Act, 1956.'

LIBRARY ARCHIVES Kerala Legislative Assembly